"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.സുനില.കെ.കെ യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.165/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/01/2020

---

പരാമർശം:- 1 സ.ഉ (കൈ)നം. 224/2014/തസ്വഭവ തീയതി 12.12.2014.

2 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.12.2010ലെ ഇ5-16633/10/എൽ ഡിസ് നമ്പർ നടപടിക്രമം.

3 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.06.2019ലെ DDP-EKM/1311/19-ഇ5/കെ ഡിസ് നമ്പർ നടപടിക്രമം.

4 പഞ്ചായത്ത് ഡയറക്ടറുടെ 05.10.2019ലെ ഇ6-12078/2019 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.സുനില.കെ.കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി.സുനില.കെ.കെ 16.05.2005 ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ചു. ടിയാൾ ജനിച്ചത് 10.08.1968 ൽ ആണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം.ഒ.പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാൾക്ക് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 16.05.2007 മുതൽ ഒരു വർഷത്തേക്ക് പരാമർശം(2) പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. ടിയാൾക്ക് 5 0 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാളെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം ( 3 ) പ്രകാരം

ഉത്തരവായിരുന്നു.

3. ശ്രീമതി.സുനില.കെ.കെ യ്ക്ക് 09.08.2018 ൽ 50 വയസ്സ് പൂർത്തിയായതിനാൽ ടിയാളെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർ ശം (3) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവായിട്ടുള്ളതിനാൽ തൊട്ടടുത്ത ദിവസമായ 10.08.2018 ന് ടിയാളുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാളുടെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 11.08.2018 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം( 4 ) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.സുനില.കെ.കെ യ്ക്ക് 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 10.08.2018 FNന് ടിയാളുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് പ്രൊബേഷൻ കാലയളവ് 16.05.2008 മുതൽ 11.08.2018 ANവരെ കെ. എസ് & എസ്. എസ്.ആർ, ഭാഗം 2, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 211/ഇപിഎ1/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

DanujaMl

സെക്ഷൻ ഓഫീസർ